# പാപബോധം ഉളവാക്കുന്ന ദിവ്യദർശനം

**യെശയ്യാവ് 6:5**

**"അപ്പോൾ ഞാൻ: എനിക്കു അയ്യോ കഷ്ടം; ഞാൻ നശിച്ചു; ഞാൻ ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ളോരു മനുഷ്യൻ; ശുദ്ധിയില്ലാത്ത അധരങ്ങൾ ഉള്ള ജനത്തിന്റെ നടുവിൽ വസിക്കുന്നു. എന്റെ കണ്ണു സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ടുവല്ലോ എന്നു പറഞ്ഞു."**

ദൈവിക തേജസ്സ് മുഖാമുഖമായി ദർശിക്കുന്ന യെശയ്യാ പ്രവാചകന്റെ അവസ്ഥയാണ് ഈ വാക്യത്തിലൂടെ നാം കാണുന്നത്: ഉന്നതനായ ദൈവത്തിന്റെ തേജസ്സും, മഹത്വവും ഒക്കെ പ്രവാചകനെ വ്യത്യസ്തമായ ഒരു വീക്ഷണത്തിൽ എത്തിച്ചു.

ദൈവീക സാന്നിദ്ധ്യവും ശക്തിയും അല്പാല്പമായി ജീവിതത്തിൽ ആസ്വദിക്കുന്നവാൻ തുടങ്ങുമ്പോൾ തന്നെ നിഗളം ദൈവമക്കൾ അറിയാതെ കടന്നുവരുന്നു. എന്നാൽ ദൈവതേജസ്സിന്റെ ദർശനം മുഖാമുഖമായി ലഭിച്ച യെശയ്യാവിന്റെ പ്രതികരണം തികച്ചും വ്യത്യസ്തമായിരുന്നു. നമ്മെ ചിന്തിപ്പിക്കേണ്ടതായ വലിയ ഒരനുഭവം ഇതു തന്നെ ആകുന്നു. സൈന്യങ്ങളുടെ യഹോവയായ രാജാവിനെ കണ്ട പ്രവാചകൻ തന്നെത്തന്നെ അശുദ്ധനെന്ന് എണ്ണിക്കൊണ്ട്, മാനസാന്തരത്തോടെ ദൈവീക കരങ്ങളിൽ ഏല്പിച്ചു കൊടുക്കുന്ന കാഴ്ച. ആ ദിവ്യദർശനം നമ്മിൽ പാപബോധം ഉളവാക്കുകയും, ദൈവത്തിന്റെ വിശുദ്ധിയെപ്പറ്റിയുള്ള ബോധം അധികമായി ഹൃദയത്തിൽ ഉരുത്തിരിയുകയും വേണം എന്ന ആഹ്വാനം പ്രവാചകൻ തരുന്നു.

തന്റെ അധരങ്ങളുടെ ശുദ്ധീകരണത്തിനായി അവൻ ആദ്യം ഏല്പിച്ചു കൊടുത്തു. വചനം പറയുന്നു, നാവ് ഒരു ചെറിയ അവയവം എങ്കിലും തീ ആകുന്നു. ഹൃദയം നിറഞ്ഞ് കവിയുന്നത് വായ് പ്രസ്താവിക്കുന്നു. നാവുകൊണ്ട് ഹൃദയത്തിൽ വരുത്തുന്ന മുറിപ്പാടുകൾ ഉണങ്ങുവാൻ വളരെ ബുദ്ധിമുട്ടാണ്. ഒരു പ്രവാചകന്റെ ശുശ്രൂഷ ദൈവിക അരുളപ്പാടുകൾ വായിലൂടെ പ്രസ്താവിക്കുകയും, ദൈവജനത്തെ ഉപദേശിച്ച് പ്രബോധിപ്പിക്കുകയും ചെയ്യുക എന്നാണല്ലോ. തന്നെ ആക്കിയിരിക്കുന്ന ശുശ്രൂഷയ്ക്കായി പൂർണ്ണ ശുദ്ധീകരണത്തിന് പ്രവാചകന്റെ സമർപ്പണം ഇവിടെ കാണുന്നു.

വായിൽനിന്നു വീഴുന്ന വാക്കുകൾ ദൈവമക്കൾ സൂക്ഷ്മതയോടെ ആവശ്യത്തിനു മാത്രം ഉപയോഗിക്കുവാനുള്ളതാണ്, ആസ്വാദകരമായത് പ്രസ്താവിക്കുവാൻ ഒരുക്കി തന്നതായ അവയവം, ആത്മിക വർദ്ധനയ്ക്കായി മാത്രം ഉപയോഗിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ഈ

വലിയ സത്യം പ്രവാചകൻ തിരിച്ചറിഞ്ഞു. പരിശുദ്ധനായ പരമോന്നതനെ സാക്ഷിക്കണമെങ്കിൽ ആദ്യമായി തന്റെ ശുദ്ധീകരണവും സമർപ്പണവും ആവശ്യമാണെന്ന ബോധം ഉണ്ടാകുന്നു. അതിനായി ഏല്പിച്ചുകൊടുത്ത പ്രവാചകനെ വലിയ ശുശ്രൂഷയ്ക്കായി ദൈവം ഒരുക്കി എടുത്തുവല്ലോ.

ഒരു ദൈവപൈതലിനെക്കുറിച്ചുള്ള ഹിതം ഇതുതന്നെ ആകുന്നു. ഓരോ ദിവസവും കർത്താവിന്റെ മഹത്വവും, ഔന്നിത്യവും, വിശുദ്ധിയും ഒക്കെ ഉൾക്കണ്ണുകൊണ്ട് ദർശിച്ച് നീങ്ങുമ്പോൾ പല ദൗത്യങ്ങൾ അവൻ നമുക്ക് തരും. അതിനായി പല ശുദ്ധീകരണത്തിലൂടെ കടത്തിവിടും. എന്നാൽ വലിയ ഫലങ്ങൾ പിന്നീട് പുറപ്പെടുവിക്കാൻ തീർച്ചയായും കർത്താവ് സഹായിക്കും. ദേഹി, ദേഹ ആത്മാക്കളെ പൂർണ്ണ വിശുദ്ധിയിലും, സമർപ്പണത്തിലും ദൈവകരങ്ങളിൽ ഏല്പിച്ചുകൊടുക്കാം. ഉപ്പിനാൽ രുചിയേറിയതും, കൃപയോടുകൂടിയതുമായത് സംസാരിപ്പാൻ, ഹൃദയത്തിൽ വെൺമയായ ചിന്തകൾ മാത്രം ഉരുത്തിരിയട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം.

പരാമർശം :

ലൂക്കോസ് 19:8

സക്കായിയോ നിന്നു കർത്താവിനോടു: കർത്താവേ, എന്റെ വസ്തുവകയിൽ പാതി ഞാൻ ദരിദ്രർക്കു കൊടുക്കുന്നുണ്ടു; വല്ലതും ചതിവായി വാങ്ങീട്ടുണ്ടെങ്കിൽ നാലുമടങ്ങു മടക്കിക്കൊടുക്കുന്നു എന്നു പറഞ്ഞു.

**സിസ്റ്റർ ബിന്ദു റെജി അയ്മനം 044**